# തളിരുകൾ



CMMHSS THALAKKULATHUR

# DIGITAL MAGAZINE



# ആശംസകൾ



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2018-19ൽ വിവരസാങ്കേതികവിദ്യയിൽ വിദ്യർത്ഥികളെപരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച ലിറ്റിൽകൈറ്റ്സ് നമ്മുടെ സ്കൂളിലും സ്ഥപിതമായിട്ടുണ്ട്. ഇതിനോടനുബന്ധിച്ച നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും, നേതൃത്വം നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇനിയും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കും എന്നും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,
മനോജ് കുമാർ ഹെഡ് മാസ്റ്റർ
ഒപ്പ്

ഉള്ളടക്കം


| നമ്പർ | രചനകൾ | പേജ് നമ്പർ |
|---|---|---|
| 1 | തെരുവിലെറിയപ്പെട്ടവർ | 5 |
| 2 | സ്കൂൾ ഉദ്യാനവും പച്ചക്കറിത്തോട്ടവും | 6 |
| 3 | മറ | 7 |
| 4 | വിദ്യാലയം | 8 |
| 5 | എൻെറ സ്വർഗമാം വിദ്യാലയം | 9 |
| 6 | പേടി | 10 |
| 7 | മലയാളഭാഷ | 11 |
| 8 | പറയാൻ ബാക്കിവെച്ചത് | 12-16 |
| 9 | യാത്രാവിവരണം | 18-23 |
| 10 | മഴ | 24 |
| 11 | കലോൽസവങ്ങളിലൂടെ | 25 |
| 12 | ചിത്രശലഭത്തിൻെറ ലോകം | 26 |
| 13 | നിൻ ജീവൻെറ തുടിപ്പുകൾ | 27 |
| 14 | വിദ്യ | 28 |
| 15 | ചൊല്ലൂസഹോദരാ | 29 |
| 16 | മേഘവർഷിണി | 30 |
| 17 | നട്ടുച്ചക്ക് ചൂരം കയറുമ്പോൾ | 31 |
| 18 | മാനം കാണാത്ത മയിൽപ്പീലി | 32-33 |
| 19 | ഭിക്ഷ | 34-36 |
| 20 | A TRUE LOVE | 37 |

# തെരിവിലെറിയപ്പെട്ടവർ

മെല്ലെ ഞാൻ നടന്നു,റോഡിനരികിലൂടെ
കണ്ടു ഞാൻ നടുങ്ങി ക്രൂരമാം കാഴ്ചകൾ
ഭിക്ഷ യാചിക്കുമൊരുകൂട്ടമാളുകൾ
എന്നുമിവർദൈവത്തിൻ വികൃതികൾ

അന്ധരും ബധിരരും കൂടെയനാഥ-
മാകുന്ന കുറേ ജന്മങ്ങളും
അച്ഛനില്ലാത്തവർ
ചിലരമ്മയില്ലാത്തവർ
ദേവകൾ പോലും കൈവിട്ടവർ

ആർപ്പും വിളികളും അട്ടഹാസങ്ങളു-
മെൻ കാതിലലയടിക്കുമ്പോഴും
കാണുന്നു ഞാനെൻ കൺമുന്നിൽ
മനുഷ്യരൂപമുള്ള നൂറോളം ജന്മങ്ങൾ

കരഞ്ഞും പറഞ്ഞും ചിലർ പാട്ടു പാടിയും
ഭിക്ഷയാചിക്കുന്നവരെൻ മുന്നിൽ
പത്രാസുകാട്ടി നടക്കും മനുഷ്യനങ്ങെ-
റിയുന്ന  രണ്ടുനാണയത്തുട്ടുകൾ

അതുവന്നു വീഴുന്നതു കാത്തുകിടക്കു
 മിന്നീ  മനുഷ്യജന്മങ്ങൾ
മഴ കാത്തുനിൽക്കുന്ന വേഴാമ്പൽ പോലവേ

ആരു കാണുന്നിവരുടെ ദുഃഖങ്ങൾ
ആരു കേൾക്കുന്നിവരുടെ രോദനം
എന്നുമിവർ ദൈവത്തിൻെറ വികൃതികൾ
ദേവകൾപോലും കൈവിട്ടവർ

# ഉദ്യാനവുംപച്ചക്കറിതോട്ടവും

















# മറ

നിലനിൽപ്പ്

ഒരു മറയാൽ

സുരക്ഷിതമാണ്

അരങ്ങിനും

കാണികൾക്കുമിടയിലെ മറ

നടന്റെ മുഖത്തെ ചായക്കൂട്ട്

കമനീയമാക്കുന്നു

സ്നേഹം വളരുമ്പോൾ

നമുക്കിടയിലെ

മറയും വളരുന്നു

രാത്രി,

ഉൾക്കടലിൽ

ഒറ്റപ്പെട്ട മുക്കുവനും

ദൈവത്തിനുമിടയിൽ

മാത്രമാണ്

മറ

മായുന്നത്.

-പി.കെ.അബ്ദുൾ ജലീൽ

# വിദ്യാലയം

എത്ര മനോഹരമെൻെറ വിദ്യാലയം
നാട്ടിൻ പുറത്തെ കൊച്ചു വിദ്യാലയം
മനസ്സിൽ വിദ്യതൻ വിത്തിട്ട
കർഷകനാണെൻെറ വിദ്യാലയം
ഹരിത ഭവനമാണെൻെറ വിദ്യാലയം

അറിവിൻ ജാലകമാണെൻ വിദ്യാലയം
ആനന്ദമേകിടുമെൻ വിദ്യാലയം അറിവിൻ
അക്ഷയ പാത്രമെൻ വിദ്യാലയം
ഇല്ലാ മറക്കില്ലൊരിക്കലും ഞാനെൻെറ
അറിവിൻ അക്ഷയഖനിയാം വിദ്യാലയം

നവീൻ ബാബു

# എൻെറ സ്വർഗ്ഗമാം വിദ്യാലയം

ആദ്യാക്ഷരം കുറിച്ചീടുമെൻ വിദ്യാലയത്തിൽ

അറിവുകൾ പകർന്നീടാൻ അധ്യാപകരുണ്ട്.

നന്മ പകർന്നീടുമെൻ വിദ്യാലയം

നേർവഴി നയിച്ചീടുമെൻ വിദ്യാലയം

അക്ഷരങ്ങളാൽ നിറയുമെൻ വിദ്യാലയം

അഭിമാനമുയർത്തീടുമെൻ വിദ്യാലയം

വിദ്യാർത്ഥികൾ അറിവുകളാൽ

പിച്ച വെച്ചീടുമെൻ വിദ്യാലയം

എന്നുമെന്നും അറിവുകൾ

പകർന്നീടുമെൻ വിദ്യാലയം.

ഫജിലാസ്

# പേടി

ആരെയും ഒന്നിനേയും

പേടിയില്ല

തലയുയർത്തി, നെഞ്ചു വിരിച്ച്

ആരുണ്ട്

ചുറ്റുംനോക്കി

വെല്ലുവിളിച്ചു.

ഠോ

ശബ്ദം കേട്ട്

അകത്തു കേറി

കുറ്റിയിട്ടു.

ശ്വാസം പോയില്ലെന്നേയുള്ളൂ കുഞ്ഞുമോൻ

കുമിള പൊട്ടിച്ചതാ...!

നഹാനഷെറിൻ

# മലയാള ഭാഷ

നമ്മുടെ ഭാഷ മലയാള ഭാഷ.......

കേരളത്തനിമയെ വിളിച്ചോതിയ ഭാഷ......

കേരളീയ കലകളെ പ്രണയിച്ച ഭാഷ..

കേരളീയ സമൂഹത്തെ വർണിച്ച ഭാഷ......

നമ്മെ അമ്മയെന്ന് വിളിപ്പിച്ച ഭാഷ......

നന്മ ഉണർത്തിയ ഭാഷ....

ഉണ്മ നൽകിയ ഭാഷ....

നാടിൻ അടിത്തറയാം ഭാഷ...

മലയാള ഭാഷ,മലയാള ഭാഷ.......

നമ്മുടെ സ്വന്തം മലയാള ഭാഷ..

നയന

# പറയാൻ ബാക്കിവെച്ചത്

അന്നൊരു നാൾ, ഒരു പെരുമഴ തോർന്ന രാത്രി. ഞാൻപോവുകയാണ്. അച്ഛനമമ്മയുമെന്നെ യാത്ര അയയ്ക്കാൻ വരാമെന്നു പറഞ്ഞു ഞാൻ വേണ്ട എന്ന് തിരിച്ചും പറഞ്ഞു. ഒരു ചൂട്ട് കത്തിച്ച് ഞാൻ യാത്രയാരംഭിച്ചു. ഒരു മരചില്ലയിൽനിന്നും കുറേ വെള്ളത്തുള്ളികൾ ചൂട്ടിൽ വീണു.എനിക്ക് വെളിച്ചമായ് തീർന്ന വെളിച്ചവും നിലച്ചു. പുഴക്കരയെത്താനായി നടന്നു. പുഴക്കരയിൽ കാദറ്ക്കയുടെ തോണി, ഒരു റാന്തൽ വിളക്കിൻെറ വെളിച്ചം. ഞാൻ കയറുകയും കാദറ്ക്ക തോണി തുഴയാൻ തുടങ്ങുകയും ചെയ്തു. ഞങ്ങൾക്ക് കൂട്ടായി ഒരു അമ്പല പ്രാവും തോണിയിൽ വന്നിരുന്നു കാദറ്ക്കാ ഇങ്ങളൊന്ന് വേഗം തൊഴയ്, ബസ്സ് മിസ്സാകും. അല്ലെൻെറ സേത്യാ ഇയ്യെന്താ പറഞ്ഞെ ബസ്സ്......., ഒന്നല്ല്യ കാദറ്ക്ക. കാദറ്ക്കയ്യൊപ്പമുള്ള ആ യാത്ര ഞാൻ ശരിക്കും ആസ്വദിച്ചു. കിളിയുടെ ചിലചിലപ്പും, പുഴയുടെ കള കള നാദവും ഞാൻ ശരിക്കും കേട്ടറിഞ്ഞു. ഇതിനിടയിൽ ഞാൻ എന്തോ അച്ഛനോട് പറയാൻ ബാക്കി വെച്ച പോലെ തോന്നി. കാദറ്ക്ക വിളിച്ചപ്പോഴാണ് അക്കരെയെത്തിയത് ഞാൻ അറിഞ്ഞത്. രണ്ട് ഉറുപ്പിക കൊടുത്ത് ഞാൻ വീണ്ടും നടന്നു. ബസ്സ്സ്റ്റാൻഡിലെത്തുകയും പാലക്കാട്ടേയ്ക്കുള്ള ബസ്സിൽ കയറുകയും ചെയ്തു. ഓടിക്കൊണ്ടിരിക്കുന്ന

ബസ്സിലെ ഗ്ലാസ് നീക്കിയപ്പോൾ പെട്ടന്നെൻെറ മുഖത്ത് ശക്തിയായി കാറ്റടിച്ചു. പാലക്കാട്ടെത്താൻ രണ്ടര മണിക്കൂർ യാത്ര ചെയ്യണം. എന്നാൽ ഒന്നു റങ്ങാം എന്നു കരുതിയപ്പോൾ ഉറക്കവും വന്നില്ല. വിൻഡോയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ എൻെറ അച്ഛനേയും അമ്മയെയും അനുജത്തിയേയും ഓർമ്മ വന്നു. അച്ഛൻെറ ആഗ്രഹ പ്രകാരം ബി.എഡ് ചെയ്യാനാണ് പോകുന്നതെന്ന് ആലോചിച്ചപ്പോൾ മനസ്സിന് നേരിയ ആശ്വാസംതോന്നി.എന്നാലും അച്ഛനെയും അമ്മയെയും നാടിനെയും വിട്ട്.... രണ്ട് വർഷം വേഗം കടന്നുപോയാൽ മതിയെന്നായി എൻെറ മനസ്സിൽ.

ഞാൻ പാലക്കാട്ടെത്തിയ അന്നുതന്നെ ഞങ്ങളുടെ ക്ലാസ് ആരംഭിച്ചു കോളേജ്പഠനത്തിനും കൂട്ടുകാരൊത്തുള്ള നാളുകൾക്കുമിടയിൽ എൻെറ സങ്കടം ഇല്ലാതായിത്തീർന്നു. നാളുകൾ കടന്നുപോയ-തറിഞ്ഞില്ല. ഒന്നാം വർഷപരീക്ഷ ഇങ്ങെത്തി. ഹോസ്റ്റലിലെ റൂമിനകത്ത് റാന്തൽ വിളക്കിൻെറ വെളിച്ചത്തിൽ ഞങ്ങൾ മൂവരും പഠിക്കാനിരിക്കും .ഞങ്ങൾ മൂവരും എന്നുവച്ചാൽ ഞാനും ഉണ്ണിയും ജിജോയും. പരീക്ഷ കഴിഞ്ഞ് രണ്ടാം വർഷ ക്ലാസ് തുടങ്ങി. പഠനത്തിനിടയിലും അച്ഛൻെറ വാക്കുകൾ എൻെറ മനസ്സിലുണ്ടായിരുന്നു. "നന്നായി പഠിക്കണം, നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെഅദ്ധ്യാപകനാകണം നീ". വീണ്ടും മാസങ്ങൾ പോകവേ പരീക്ഷാ ഫലം

വന്നു. ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ചിരുന്നത് എനിക്കായിരുന്നു. രണ്ടാം വർഷം പൂർത്തിയാകാറായി. അതിനിടയിൽ ഒരു കാര്യം ഞാൻ ചെയ്തിരുന്നു. ഓരോ ദിവസവും ഓരോ വരികളായി കുത്തി കുറിച്ച് ഒരു കഥ എഴുതിയിരുന്നു. പരീക്ഷ കഴിഞ്ഞ് ഞാൻ നാട്ടിലെത്തി. റിസൾട്ടിന് ഇനിയും മാസങ്ങളുണ്ട്. കോളേജിൽ നിന്നും തിരികെ വന്ന് എന്നെ കണ്ടപാടെ അച്ഛനമ്മയും സന്തോഷം പ്രകടിപ്പിച്ചു.

ഒരു കഥ എഴുതി എന്നത് അച്ഛനോടും അമ്മയോടും അനുജത്തിയും പറയാതെ വെച്ച് ഒരു രഹസ്യമായിരുന്നു. ആ കഥ പ്രസിദ്ധീകരിച്ച് കഴിഞ്ഞു മാത്രമേ അച്ഛനമ്മയും അറിയാവൂ എന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. അതിന് കുറേ നാളുകൾ വേണ്ടി വരുമെന്ന് എനിക്കറിയാമായിരുന്നു. ബി.എഡ് കഴിഞ്ഞു റിസൾട്ട് വന്നു. അച്ഛനായിരുന്നു ആ വിവരം ആദ്യം അറിഞ്ഞത്, ഏറ്റവും ഉയർന്ന മാർക്കോടെ ഞാൻ ജയിച്ചു എന്നത്. അച്ഛൻ എന്നെ തന്നെ നോക്കിനിന്നു. ഇതെന്താ അച്ഛൻ എന്നെ ആദ്യമായി കാണുന്നതു പോലെ. "അച്ഛനെന്നോടെന്തോ പറയാനുണ്ടല്ലോ? എന്താ പറയാനുള്ളത് പറയച്ഛാ". അച്ഛൻ എന്നെ കെട്ടിപ്പിടിച്ച് ഒരു മുത്തം നൽകവേ പറഞ്ഞു. "ഏറ്റവും

ഉയർന്ന മാർക്ക് നിനക്കാണ് മോനെ..." എൻെറ സന്തോഷത്തിന് അതിരില്ലായിരുന്നു. ഞാൻ അച്ഛനെ കെട്ടിപ്പിടിച്ച് മുത്തം വച്ച് പാഞ്ഞു അമ്മയുടെ അടുത്തെത്തി ഈ വിവരം പറഞ്ഞു.

എൻെറ ആഹ്ലാദത്തെ ഇരട്ടിപ്പിക്കുന്നതായിരുന്നു ആദ്യ പുസ്തക പ്രകാശന വേള. എൻെറ പുസ്തകം അച്ഛനു തന്നെ ആദ്യം നൽകണമെന്നായിരുന്നു എൻെറ ആഗ്രഹം. എന്നാൽ പുസ്തകവുമായി വീട്ടിലെത്തിയ ഞാൻ കണ്ടത് ഞെട്ടിക്കുന്ന കാഴ്ചയായിരുന്നു. നിലത്ത് വിളക്കിന് താഴെ വെള്ള പുതപ്പിച്ച എന്റെ അച്ഛനെ. "നീ പുറമേ പോയി ഒരു മണിക്കൂറിന് ശേഷം നെഞ്ചത്ത് ഒരു പിടിത്തവും പിടിച്ച് നിലത്തു വീണ് സേത്വോ" എന്ന് അലറി കരയുന്നുണ്ടായിരുന്നു അമ്മ. വാക്കുകൾ ഇടറി കൊണ്ട് അവൻ അച്ഛനെ നോക്കി പറഞ്ഞു. "അച്ഛാ... ഞാനിത് ഇത് അച്ഛനുവേണ്ടി എഴുതിയ കഥയാണ്." –"പറയാൻ ബാക്കി വെച്ചത്." കഥയുടെ പേര് പോലെ തന്നെ ഞാൻ അച്ഛനോട് പറയാൻ ബാക്കി വെച്ചത് ഇതായിരുന്നുവോ? വെള്ള പുതപ്പിച്ച അച്ഛൻെറ നെഞ്ചത്ത് ആ പുസ്തകം വെച്ച് കരയാനേ എനിക്കായുള്ളൂ.

വിഷ്ണുപ്രകാശ്






സി.എം.എം. ഹയർ സെക്കണ്ടറി
തലക്കുളത്തൂർ
റാലി




SOUPARNIKA
Om Sai Shakti



# യാത്രാവിവരണം

ജീവിതത്തിൽ ഒരുപാട് യാത്രചെയ്യുവാനുള്ള ഭാഗ്യം ലഭിച്ചത് ഇപ്പോഴാണ്, കേട്ട് കേൾവിയുള്ള പല സ്ഥലങ്ങളും കണ്ണുകൾക്ക് മുന്നിൽ നിറഞ്ഞു നിന്നപ്പോൾ പലപ്പോഴും വിശ്വസിക്കാനാവാതെ നിന്നിട്ടുണ്ട്, അത്തരത്തിലുള്ള യാത്രകൾ എഴുതി വെയ്ക്കാം എന്ന് തോന്നിയപ്പോഴാണ് എന്നിൽ നിന്നും ആദ്യമായി യാത്രാ വിവരണം ഉണ്ടായത് തന്നെ.ഇത് പൊന്മുടിയിലേക്കുള്ള യാത്രയാണ്. എനിക്ക് തിരുവനന്തപുരവും പൊന്മുടിയുമെല്ലാം വാക്കുകളും ചിത്രങ്ങളും മാത്രമായിരുന്നു ഈ യാത്രയ്ക്ക് മുൻപ് വരെ. വന്നപ്പോൾ തന്നെ ഞങ്ങളെ അനന്തപുരി വരവേറ്റത് ചാറ്റൽ മഴയോടെയായിരുന്നു. അങ്ങനെ ചാറ്റൽ മഴയും കൊണ്ട് തമ്പാനൂർ നിന്നും പാളയം വരെ രാത്രിയിൽ ഒരു നടത്തം. അതും രാത്രി 11 മണിക്ക്. ജീവിതത്തിൽ ആദ്യമായിട്ടാണ് ഈ സമയത്ത് ഒരു നഗരത്തിലൂടെ നടക്കുന്നത്. ചാറ്റൽ മഴയും കൊണ്ട് പാളയം വരെ കൂടെയുള്ള വരുടെ ഓരോ കഥകൾ കേട്ടുകൊണ്ടാണ് നടന്നത്. തിരുവനന്തപുരത്തിന്റെ ചരിത്രം, റോഡുകൾ, സ്ഥാപനങ്ങൾ, പത്മനാഭസ്വാമി ക്ഷേത്രം, ശ്രീമൂലംതിരുനാൾ, സ്വാതിതിരുനാൾ ,ആദ്യത്തെ

ഇംഗ്ലീഷ് വിദ്യാലയം എന്നിങ്ങനെ ഒരു ലോഡ് കഥകളും ചരിത്രങ്ങളും കേട്ട് കൊണ്ടാണ് നടപ്പ്. കൂടെ ഒരു വൻ തള്ളൽ പ്രസ്ഥാനം ഉള്ളത് കൊണ്ട് അറിവുകൾക്ക് പഞ്ഞമില്ല. പറയുന്നത് തള്ളാണോ സത്യമാണോ എന്ന് എനിക്കും അറിയാത്തതു കൊണ്ട് കുഴപ്പമില്ല.ഇടയ്ക്ക് പോലീസുകാർ എങ്ങോട്ടാ ഈ രാത്രിയിൽ എന്ന് ചോദിച്ചിരുന്നു. മഴകൊണ്ട് നടക്കാനിറങ്ങിയതാണ് എന്ന മറുപടിയിൽ അവർ ചിരിച്ചു കൊണ്ട് പോയി. വഴിയിൽ മുഴുവൻ പോലീസ് വാഹനങ്ങളും പോലീസുകാരും ഉള്ളതുകൊണ്ട് ഒരു സുരക്ഷിതത്വം ഈ നഗരം എനിക്ക് നൽകി എന്നത് സത്യമാണ്. രാത്രി 12 മണിയോട് കൂടി സുഹൃത്തായ വർഷയുടെ വീട്ടിൽ കയറിപ്പറ്റി. അവിടെ ഒരു പിറന്നാൾ സർപ്രൈസും കലാപരിപാടികളും ഞങ്ങൾ തയാറാക്കി വെച്ചിട്ടുണ്ടായിരുന്നു. എല്ലാം കഴിഞ്ഞു വീണ്ടും ഒരു കറക്കം. സജിത്തിൻെറകാറിൽ ഏകദേശം തിരുവനന്തപുരം ടൗൺ മുഴുവൻ കറങ്ങി തിരികെ വീട്ടിലെത്തിയത് രാവിലെ 4 മണിക്കാണ്. അതിഗംഭീര ഉറക്കത്തിനു ശേഷം പിറ്റേന്ന് ഉച്ചയ്ക്കാണ് പൊന്മുടി പോകാം എന്ന അഭിപ്രായം വരുന്നത്. യാത്രികരായ ഞങ്ങൾ നാല് പേർ – . അങ്ങനെ ചലോ പൊന്മുടി.സാധാരണ നാല് പേരും

കൂടാറുള്ളത് പോലെ തന്നെ ആദ്യം വൻ തള്ളലുകൾ റിയാസിൽ നിന്നും സജിത്തിൽ നിന്നും വന്നു തുടങ്ങിയിരുന്നു. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതകൾ പ്രാധാന്യം ചരിത്രം എന്നിങ്ങനെയുള്ള കാര്യങ്ങൾ എനിക്ക് താത്പര്യം ഇല്ലാത്തതിനാൽ തത്ക്കാലം കല്ലാർ, വിതുര, പശ്ചിമ ഘട്ടം എന്നിങ്ങനെ ചിലത് മാത്രം ഓർമ്മയിൽ വ്ന്നുള്ളു എന്നതാണ് സത്യം. ഞായറാഴ്ച ആയതിനാൽ വഴിയിൽ നല്ല തിരക്കുണ്ടായിരുന്നു. ചുരം കയറി മുകളിലോട്ടു കയറിയതോടെ കാഴ്ചകളും കാലാവസ്ഥയും മാറുവാൻ തുടങ്ങി. തിരുവനന്തപുരം ജില്ലയിൽ തേയില തോട്ടങ്ങൾ ഉണ്ട് എന്നത് എനിക്ക് പുതിയ അറിവും കാഴ്ചയുമായിരുന്നു. അവിടെ കുറച്ച് നേരം നിർത്തി, നല്ല കാറ്റും കോടമഞ്ഞും തണുപ്പും ഒരു പുത്തൻ ഉണർവേകി. പിന്നീട് ഒരു ചെക് പോസ്റ്റ് , അവിടെ കുറെ നേരം കിടന്നു എന്ന് പറയാം. പിന്നീട് മുൻപോട്ട് പോകുവാൻ കഴിയാത്ത തരത്തിൽ ബ്ലോക്കായിരുന്നു. പൊന്മുടി കാണുവാൻ വന്നിട്ട് ബ്ലോക്കിൽ കിടക്കേണ്ടി വരുമോ എന്നോർത്ത് കുറെ നേരം വണ്ടിയിൽ തന്നെ ഇരുന്നു.അവസാനം ഒരു സ്ഥലം കിട്ടിയപ്പോൾ റോഡരികിൽ കാർ സൈഡാക്കി സജിത്ത്. എന്നിട്ട് ഞങ്ങൾ നാല് പേരും കൂടി

നടക്കുവാനിറങ്ങി. അന്നേരമാണ് മനസ്സിലായത് ഇവിടം മുഴുവൻ വാഹനങ്ങൾ മുന്നോട്ടു പോകുവാൻ കഴിയാത്തവിധം കുരുങ്ങി കിടക്കുകയാണെന്ന്. നടക്കാം എന്ന് തീരുമാനിച്ചത് എന്തുകൊണ്ടും നല്ല തീരുമാനമായി എന്ന് പറയാം. കുറേനേരം റോഡിലൂടെ വാഹനങ്ങളുടെ ഇടയിലൂടെ നടന്നപ്പോൾ വലതു വശത്തെ പുൽമേട്ടിലേക്കു കയറിയാലോ എന്നൊരു പ്ലാൻ, എന്നാൽ അങ്ങനെ ആകട്ടെ എന്ന് കരുതി വഴി ഒന്ന് മാറ്റി പിടിച്ച് നടന്നു.വഴിയൊന്നും ഇല്ല. വലതു വശത്ത് അവ്യക്തമായി കണ്ട ഒരു മല, നല്ലകോടമഞ്ഞുകാരണംഒന്നുംകാണുന്നതുമില്ല.എന്തായാലും മലകയറ്റം ആരംഭിച്ചു. മഴയും കോടമഞ്ഞും ആസ്വദിച്ച് നടന്നു കയറി എത്തിയത് ഒരു മലയുടെ മുകളിലാണ്. അവിടെ ഒരു വലിയ പാറയും. വലിഞ്ഞു അതിന്റെ മുകളിൽ കയറി അല്ല കയറ്റി എന്ന് പറയാം.ജീവിതത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു മലയും പാറയും കുന്നുമെല്ലാം.  വലിഞ്ഞു കയറുന്നത്. ആദ്യമായിട്ടാണ് കോടമഞ്ഞും മഴയും ഒക്കെ ആസ്വദിച്ച് ഇങ്ങനെ പറന്നു നടക്കുന്നതും. വല്ലാത്തൊരു അവസ്ഥയിലായിരുന്നു ഞാൻ. പെട്ടെന്നൊരു മഴ ശക്തമായി പെയ്തപ്പോൾ ഒരു പാറക്കെട്ടിന്റെ അടിയിൽ ഇരുന്നു മഴ നനയാതെ ഇരുന്നതും നല്ല ഓർമ്മയായി. ഇല്ലാത്ത വഴിയിലൂടെ

വഴി കണ്ടു പിടിച്ച് നടത്തം തന്നെ, വഴി ഇല്ല, കോടമഞ്ഞു കാരണം ഒരു വക കാണത്തില്ല, നല്ല കയറ്റവും വഴുക്കലുള്ള പാറകളും അറിയാത്ത സ്ഥലവും, മുകളിൽ നിന്നും ആരൊക്കെയോ കൂകുന്ന ശബ്ദം കേട്ടപ്പോഴാണ് ഇതിനപ്പുറവും ഒരു മലയുണ്ടെന്ന മനസ്സിലായത്. അങ്ങനെ അങ്ങോട്ട് നടന്നു. ഒരു വിധം വലിഞ്ഞു കയറി കഷ്ടപ്പെട്ടിട്ടാണ് അവിടെ എത്തിയത്. മല കയറി ശീലം ഇല്ലാത്തത് തന്നെകാരണം.അങ്ങനെമുകളിൽഎത്തിയപ്പോഴാണ് ആശ്വാസംആയത്.പൊന്മുടിയുടെ മുകളിൽ ഉള്ള വയർലെസ്സ് സ്റ്റേഷന്റെ പുറകിലാണ് ഇപ്പോൾ എത്തിയത്എന്ന്റിയാസിൽനിന്നുംമനസ്സിലായി,സ ജിത്തിനുംറിയാസിനുംവഴികൾഅറിയാമായിരുന്നു എന്നുംഒരുട്രെക്കിങ്ങ്എക്സ്പിരിയൻസ് ഞങ്ങൾക്ക് കിട്ടുവാൻ വേണ്ടിയാണ് ഈ വഴി വന്നതും എന്ന് പിന്നീടാണ്മനസ്സിലായത്.നേരെയുള്ളവഴിയിലൂടെവ ന്നാലുംഇവിടെആണ്എത്തുക,പിന്നീട്അങ്ങോട്ട്ഒരു പാട്കുടുംബങ്ങളെയും യാത്രികരെയും കാണുവാൻ തുടങ്ങി.ഇത്രയുംനേരംഞങ്ങൾനാലുപേർമാത്രമായിരു ന്നുഈയാത്രയിൽ.എന്തായാലുംമലകയറിഎത്തേണ്ടി ടത്ത്എത്തിയപ്പോൾസന്തോഷമായി.പക്ഷെകോടമ ഞ്ഞകാരണംപൊന്മുടിയുടെസൗന്ദര്യംശരിക്കുംആസ്വ ദിക്കാൻ കഴിഞ്ഞില്ല എന്ന വിഷമം ബാക്കിയായി.

# മഴ

മണ്ണിൻ്റെ മാറിലൊരുതുള്ളി നീരായി
വിണ്ണിൻ്റെ കണ്ണീർ പതിച്ചു
പെയ്തുനിറയുന്നൊരിടവപ്പാതിയിൽ
നെഞ്ചിലെ തീയൊന്നണഞ്ഞു
മണ്ണിനെ മാത്രം നെഞ്ചോടുചേർത്തൊരാ
കർഷക ഹൃദയം തുടിച്ചു.
വിതയും കൊയ്ത്തുമായ് നാളെകൾ പുലരണം
പൂർത്തീകരിക്കണം കൊച്ചു മോഹ ങ്ങളെ
സ്വപ്നങ്ങൾ തൻനിറം ചാലിച്ചതാദൈവം
മാനത്ത് ചിത്രം വരച്ചു മഴയായ്

-ജസീന.വി

# കലോൽസവങ്ങളിലൂടെ








ചേവായൂർ ഉപജില്ല
സ്കൂൾ കലോത്സവം
2019 ഒക്ടോബർ 28, 29,30
സി.എം.എം ഹയർസെക്കണ്ടറി സ്കൂൾ
തലക്കുളത്തൂർ




REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA

# ചിത്രശലഭത്തിൻെറ ലോകം

പൂവുകൾ,പൂങ്കവനങ്ങളീ ഭൂവിൻെറ
ചാരുതയേന്തി നിൽക്കുമ്പോൾ
മഞ്ഞുനീർ തുള്ളികൾ മാലാഖമാരായി
മഞ്ഞണിപ്പൂവിനെ പുൽകി
സൂര്യൻെറ കിരണങ്ങളേറ്റു കിടക്കുന്ന
തളിരില കൂട്ടങ്ങൾക്കിടയിൽ
തൻ കൊച്ചുകൂടാരവാതിൽ തുറന്നൊരു
ചിത്രശലഭം കുണുങ്ങി
ഏഴ വർണ്ണങ്ങളും ചാലിച്ചെഴുതിയ
ചിറകുകൾ മെല്ലെ വിടർത്തി
ഏഴഴകുളെളാരാ പൊൻമിഴിപ്പീലികൾ
ഏകാന്തതയിലുയർത്തി
സുന്ദരിയാകുമീ പാരിടത്തിൻെറ
സൗന്ദര്യമൂറ്റിക്കുടിച്ചും
കൊച്ചു ചിറകുകൾ മെല്ലെ വിടർത്തുന്ന
കൊച്ചു മാലാഖയെ പ്പോലെ
മെല്ലെ പറന്നുയരുന്ന വാനിൻെറ
അഗ്രഭാഗത്തിലങ്ങെത്താൻ
ചന്തം തുളുമ്പുന്ന  പൂക്കളെയിക്കിളി
കൂട്ടുവാനും തേൻ നുകരാനും
അവൾ അറിയുന്നുവോനമ്മളീ ഭൂവിൽ
വിരുന്നിനായി വന്നവരെന്ന്
എത്ര നാൾ കാണാൻ കഴിയുമീകാഴ്ച്കൾ
ജീവൻ നിലയ്ക്കും വരെയും

-ലിയാന.എം.എം

# നിൻ ജീവൻെറ തുടിപ്പുകൾ

എൻ മുന്നിലതാ പിടയുന്നു-
നിൻ ജീവൻെറ തുടിപ്പുകൾ
എൻ ജീവൻ പിടയുന്ന ആ കാഴ്ചകണ്ട് ഞാൻ
വീണുപോയി നിൻ മുന്നിൽ ഞാനൊരു മനുഷ്യൻ
പക്ഷേ ദൈവത്തിനു മുന്നിൽ നാം
ജീവികൾതന്നെ ദൈവം നമ്മെ രണ്ടായി സൃഷ്ടിച്ചു.
രണ്ടു പേർക്കും ജീവൻ തന്നു
എൻ മുന്നിൽ നീപിടയുമ്പോൾ
നിസംഗതനായി ഞാൻ നോക്കി പോയി
നിൻ ജീവൻ രക്ഷിച്ചു ഞാൻ; പക്ഷേ
എൻ മനസ്സിൽ പതിഞ്ഞ ആ മുറിവ്
ഇനി എന്നുണങ്ങും.

-ലിയാന.എം.എം

# വിദ്യ

അറിവിൻെറ ലോകത്തേക്കോരോ
ചുവടുകൾ വെച്ചുവളരുകയാണു ഞാൻ
അറിവിൻെറ അജ്ഞാതസാഗരത്തിൻ
മുന്നിലൊന്നും അറിയാതെനിൽക്കുന്നു ഞാൻ
അറിവെന്ന ദീപമാണേകാശ്രയം
അന്ധകാരമാം ഈ ഭൂമിയിൽ നമുക്ക്
അറിവിൻ ലോകത്തുചെന്നെത്തുവാ-
നാദ്യ  ചുവടുകൾ വച്ചീടുവാൻ
നാവിലെഴുതുന്ന വിദ്യാമന്ത്രം
ഹരിശ്രീ ഗണപതായേ നമഃ

–ലിയാന.എം.എം

# ചൊല്ലൂ സഹോദരാ......

പാവമാ കർഷകൻ ചോര-
നീരാക്കുന്നു  എന്നും അതിരാവിലെ
രാജ്യ രക്ഷകൻ പടയാളികൾ
അവൻ പട്ടിണിമാറ്റുന്ന ദേവൻ
ദിനേശ്വരനെത്തുന്നതിനുമുമ്പ്
അവൻ ഉണരുന്നു പോകുന്നു
തൻ കൃഷിതോട്ടത്തിൽ
കർഷകരില്ലാതെ നാം എങ്ങനെ
തൻ ജീവനെ രക്ഷിക്കും
ചൊല്ലൂ സഹോദരാ.......

-ജസീന.വി

# മേഘവർഷിണി

"നിലാവിൻെറ സ്വപ്ന"മന്ദിരത്തിലൊരു-
നിലാപക്ഷിയായ് പറന്നു ഞാൻ
കുളിരുള്ള ശിശിര മഞ്ജീരത്തിൽ
താരാട്ടു പാട്ടായ് പൊഴിയുന്ന
ശിശിര മേഘപുഷ്പത്തിൻ കളിത്തോഴീ
നീയെന്നെയും മാനത്ത് കൊണ്ടുപോകൂ
മാനത്തു വിരിയുന്ന പൂന്തിങ്കൾകലയുടെ
സ്വപ്നാലയത്തിലൊരു
നിലാപക്ഷിയായ് പറന്നുഞാൻ.....

–അഷിന.കെ.എം

# നട്ടുച്ചയ്ക്ക് ചുരംകയറുമ്പോൾ

സ്വപ്നത്തിൻെറ

പദസമ്പത്തില്ലാത്തയാത്രക്കാർ

വഴിയരികിലെ കുരങ്ങന്മാർക്ക്

നാരങ്ങകൾ എറിഞ്ഞു കൊടുത്തു

ഞാൻ മേഘങ്ങളെ നോക്കിയിരുന്നു

ഉച്ച കഴിഞ്ഞിരുന്നു

ബൈബിൾ തുറന്നു ഒരു കന്യാസ്ത്രീ

ദൈവത്തെ വിളിച്ചു

കോടമഞ്ഞിൽ നിന്നും രക്ഷപ്പെട്ട

ഒരു ചിത്രശലഭം ബസ്സിനൊപ്പം പറന്നു

എന്നെ പ്രണയിക്കു എന്നു പറയുമ്പോലെ

താഴ്വരയിലെ മരങ്ങൾ

ഇളം കാറ്റിൽ യാത്ര പറയുന്നുണ്ടായിരുന്നു

ഞാൻ കണ്ണടച്ചു.

# മാനം കാണാത്ത മയിൽ പീലി

തറവാട്ടിലെ കോണിപടികൾ കയറി അവൾ മീനു തൻെറ മുറിയിലേക്ക് ഓടിയെത്തി. മുറിയുടെ ജനലിലൂടെ പടിപ്പുരയിലേക്ക് അവൾനോക്കിനിന്നു. വിദേശത്തുനിന്നും തന്നെ കൊണ്ടു പോകാനെത്തിയ മാതാപിതാകളുടെ കൈയ്യുംപിടിച്ച് അവൻ പടിപ്പുര കടന്നു കണ്ണിൽ നിന്നും കണ്ണീർ തോരാമഴ പോലെ പൊഴിയുകയാണ്. ആ കാഴ്ച വേദനാജനകമായിരുന്നു.

മുറിയുടെ ജനലിലൂടെ മീനു തൻെറകളി കുട്ടുകാര ൻെറ മുഖത്തേക്ക് ഉറ്റ് നോക്കി കൂട്ടുകാരിയെ പിരിയുന്നതിൻെറ ദുഃഖം അവൻെറ മുഖത്ത് മായാതെകിടക്കുന്നു. അവൻ മീനുവിൻെറ കളിക്കൂട്ടുകാരൻ കണ്ണൻ.

മിനുവിനെ പിരിയാൻ കണ്ണന് ഒട്ടും മനസ്സ് വന്നില്ല . കണ്ണനെ പിരിയാൻ മീനുവിനും. കുഞ്ഞുനാൾ മുതൽ തറവാട് തൊടിയിലൂടെ ഓടിക്കളിച്ചുനടന്നിരുന്ന കുട്ടികളാണവർ. കളിയും ചിരിയും കുസൃതിയും ഒരുമിച്ചുതന്നെ. എന്തു രസമുള്ള ഓർമ്മകളായിരുന്നു അവ. ഒന്നും തൻെറ ഓർമ്മകളിൽ നിന്ന് മായ്ക്കാൻ മീനുവിന് കഴിഞ്ഞില്ല.

ഒരിക്കൽ കണ്ണൻ മീനുവിന് ഒരു മയിൽ പീലി കൊടുത്തിരുന്നു. മാനംകാണാത്ത മയിൽപീലി, മാനം

കണ്ടാൽ മയിൽ പീലി ചത്തുപോകുമെന്ന് കണ്ണൻ പറഞ്ഞത് ഇപ്പോഴും മീനുവിൻെറ മനസ്സിലുണ്ട്. അവൾ അത് നോട്ടു പുസ്തകത്തിൽസൂക്ഷിച്ചു വച്ചിരിക്കുകയാണ്. അവൾ തൻെറ നോട്ടുപുസ്തകം തുറന്ന് ആ മയിൽപ്പീലി ഉള്ളംകയ്യിലെടുത്തു. ഒരാശ്വാസം അവിടെ അവളെ തേടിയെത്തി. അപ്പോഴും ആ

മയിൽപ്പീലി മാനം കാണാതെ നോക്കാൻ മിനു ശ്രദ്ധിച്ചു. കണ്ണൻെറ മുഖത്തേയും മയീൽപ്പീലിയെയും മാറി മാറി നോക്കി.

മയിൽപ്പീലി പോലെവിരിഞ്ഞു നിന്നിരുന്ന കണ്ണൻെറ കണ്ണുകൾ കണ്ണീരിൽ കുതിർന്നിരിക്കുകയാണ്. ആ മുഖം അധിക നേരം കണ്ടു നിൽക്കാൻ മീനുവിനായില്ല. അവൾ മയിൽപ്പീലിയെ തൻെറപുസ്തകത്തിൽ വച്ചു തൻെറ കളിക്കൂട്ടു-കാരൻെറ ഓർമ്മക്കെന്നോണം. പവിത്രമായ സുഹൃത്ത്

ബന്ധത്തിൻെറ അടയാളമായ്....

ഐശ്വര്യ

# ഭിക്ഷ

തിരക്കു നിറഞ്ഞ ഒരുപട്ടണത്തിലെ നിറഞ്ഞു നിൽക്കുന്ന ചേരി. പൊന്നിൻ നിറവും പൂശിസൂര്യൻ ആകാശത്ത് മുഖം ഉയർത്തി നിൽക്കാൻ ഒരുങ്ങുന്നു. ചേരിയിലെ അരികിലൂടെ പോകുന്ന റയിൽപാതയിലൂടെ രാവിലത്തെ തിരുവനന്തപുരം എക്സ്പ്രസ്സ്പോകുന്നു. ഇവിടെ നിന്ന് കുറച്ചുകൂടെ പോയാൽ സ്റ്റേഷൻ ആണ്. ഏകദേശം ആറു മണിയോടെ ചേരിയിലെ ഒരു കൂരയിൽ നിന്ന് തങ്കപ്പൻ ഇറങ്ങി വന്നു. അയാൾ തൻെറ ഭിക്ഷടാനത്തിന് അയക്കേണ്ട കുട്ടികളെ ഉണർത്തി. അടുത്ത ട്രെയിൻ ഷോർണ്ണൂർ എക്സ്പ്രസ്സ് ആയിരുന്നു. അയാൾ രണ്ടു കുട്ടികള സ്റ്റേഷനിലേക്ക് പറഞ്ഞയച്ചു. അതിൽ ഒരു കുട്ടിയുടെ പേര് രാജു എന്നൊയിരുന്നു. രാജുവിന് കേൾവി ശക്തിഇല്ലായിരുന്നു. രണ്ടാമത്തെ കുട്ടിയുടെ പേര് രാമു എന്നായിരുന്നു. അവർ പോകുമ്പോൾ തങ്കപ്പൻ ഇങ്ങനെ പറഞ്ഞു. 'ഇങ്ങോട്ട് വരുമ്പോൾ 150 രൂപ എങ്കിലും ഉണ്ടാവണം. ഇല്ലെങ്കിൽ ഇന്ന് രാത്രി ചോറില്ല. നാളെ ഇരട്ടിപണിയും ആവും ഓർത്തോ. അവർ പേടിച്ചായിരുന്നു പോയത്. അയാൾ ബാക്കിയുള്ളവരെ തെരുവിലേക്ക് കൊണ്ടുപോയി. രണ്ടുപേരെ ബസ് സ്റ്റോപ്പിന് സമീപവം. മൂന്നുപേരെ ബസ് സ്റ്റാൻഡിലും. അവരുടെ പേര് ഇങ്ങനെയാണ്. ഒന്നാമൻ ബാബു, രണ്ടാമൻ ബാലൻ, ബാക്കി

മൂന്ന്പേർ  പെൺകുട്ടികളാണ്. ഒന്ന് രമണി രണ്ട് മണിക്കുട്ടി മൂന്നാമത്തെയാൾ സരള. തങ്കപ്പൻെറ ഭാര്യയുടെ പേര് രാജമ്മ എന്നായിരുന്നു. അവരുംഭിക്ഷാടനത്തിന് തങ്കപ്പനെ പ്രോൽസാഹിപ്പിച്ചിരുന്നു. അവരുടെ മക്കളെയും ഭിക്ഷാടനത്തിന് അയച്ചിരുന്നു . ഈ ഭിക്ഷാടനത്തിന് കുട്ടികൾക്ക് കൂലി പോലും ഇല്ലായിരുന്നു. ചിലപ്പോൾ ഭക്ഷണം വരെ. ചിലദിവസങ്ങളിൽ തങ്കപ്പൻകുട്ടികളെ പല ജോലികളും ചെയ്യിക്കുമായിരുന്നു.  ലഭിക്കുന്ന കൂലി അയാൾക്ക് തന്നെ. വൈകുന്നേരം ആയപ്പോൾ എല്ലാവരും തിരിച്ചെത്തി. പറഞ്ഞു കൂലിലഭിക്കാതെ വന്ന രണ്ടു കുട്ടികളെ അയാൾ പട്ടിണിയാക്കി. അങ്ങനെ രണ്ടു ദിവസം കടന്നുപോയി. അടുത്ത ദിവസം കുട്ടികളെ സ്ഥലംമാറ്റി. അങ്ങനെ ഒരാഴ്ച കഴിഞ്ഞു. അന്ന് ട്രെയിനിലെ ജോലി രാജുവിനും രാമുവിനും തന്നെയായിരുന്നു. വൈകുന്നേരം അഞ്ചുമണിയോടെ അവർ വീട്ടിലേക്ക്  തിരിച്ചുവരികയായിരുന്നു.  റെയിൽപാളത്തിലൂടെ അവർ പേടിക്കൊണ്ടായിരുന്നു വന്നത് അടുത്ത് ഒരു കട കണ്ട് രാമു അവിടെക്ക് ഒരു മിഠായിവാങ്ങാനായി പോയതായിരുന്നു. രാമു പോയപ്പൊഴും രാജു പാടികൊണ്ട് തന്നെ നടക്കുകയായിരുന്നു. പുറകിൽ ഒരു തീവണ്ടി വരുന്ന വിവരം രാജുവിന് അറിയില്ലായിരുന്നു. കേൾവി ശക്തിഇല്ലാത്ത രാജു തീവണ്ടിവരുന്ന ശബ്ദം കേട്ടിട്ടില്ലായിരുന്നു. അവൻ ആ പാട്ട് പാടികൊണ്ട് തന്നെ നടന്നു.

'പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്കാകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ'- ആവരികൾ പൂർത്തിയാക്കാൻ കഴിയാതെ രൊജു ഈ ലോകത്തോട് വിടപറഞ്ഞു. പിടഞ്ഞു മരിക്കുമ്പോഴും തനിക്ക് ചീത്ത കേൾക്കാതിരിക്കാൻ രാജു തൻെറ കയ്യിലെ സമ്പാദ്യം നെഞ്ചോട് ചേർത്ത് മുറുകെ പിടിച്ചിരുന്നു. ആ നിമിഷത്തിൽ എല്ലാവരും കരഞ്ഞു. കൂടെ മനസാക്ഷിയിലാത്ത തങ്കപ്പനും. കാരണം മരിച്ച രാജു തങ്കപ്പൻെറ മകനായിരുന്നു. ഇതുകണ്ട് പശ്ചാത്തപിച്ച തങ്കപ്പൻെറ മനസ്സിൽ ഒരു കാര്യം കടന്നുവന്നു.

“ഒരു ദിവസം ഞാനും ഒന്ന് ഭിക്ഷ എടുത്തോട്ടെ എന്ന് ” . അങ്ങനെ ഒരു ദിവസംഅയാൾ ബസ് സ്റ്റോപ്പിന് സമീപത്ത് ഇരുന്ന് ഭിക്ഷയെടുക്കാൻ തുടങ്ങി. അപ്പോഴാണ് അയാൾ ഈ ഭിക്ഷാടനത്തിൻെറ ദുഃഖവും കഷ്ടപ്പാടും അറിഞ്ഞത്. ഒരു ദിവസം കൊണ്ട് ഇത്രയും കഷ്ടപ്പാട് അയാളിൽ മനംമാറ്റം ഉണ്ടാക്കി. ഒടുവിൽ അയാൾ കുട്ടികളെ ഭിക്ഷാടനത്തിൽ നിന്നും മോചിപ്പിച്ചു. താൻ ചെയ്ത പാപത്തെ കുറിച്ച് ആലോചിച്ച് അയാളുടെ മനസ്സ് നീറി. ഒടുവിൽ അയാൾ മാനസികനിലതെറ്റി നാടുവിട്ടു.

അശ്വനി

# A TRUE LOVE

A true love...

Between two.....

Is such a powerful thing.

A true love really means

To be helpful as it seems

A true love means sharing pleasure

A true love between two...

No one can measure it

A true love is felt in the heart

A true love can never be broken

its like a crystal clear stream

A true love is like a melodious song

And the impact of which lasts life long......

Akshay


2019
SSLC, +2 പരീക്ഷകളിൽ












സി. എം. എം. എച്ച്. എസ്. എസ്
തലക്കുളത്തൂർ
DRUGS
ലഹരി വിരുദ്ധ
റാലി










REDMI NOTE 5 PRO
MI DUAL CAMERA








Reliance
Foundation
YOUTH
SPORTS















# THANK YOU.

–TEAM *LITTLE KITES*